# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2290** | 12.06.2018 - ൽ മറുപടിയ്ക്ക് |
|---|---|

## ഇ-വേ ബിൽ സമ്പ്രദായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ഇ.പി. ജയരാജൻ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | അന്തർ സംസ്ഥാന ചരക്കുഗതാഗതവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന ഇ-വേ ബിൽ സമ്പ്രദായം സംസ്ഥാനത്ത് നടപ്പിലാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് 2018 ഏപ്രിൽ 1 മുതൽ അന്തർ സംസ്ഥാന ചരക്കുനീക്കങ്ങൾക്കും 2018 ഏപ്രിൽ 15 മുതൽ സംസ്ഥാനത്തിനകത്തുള്ള ചരക്കുനീക്കങ്ങൾക്കും ഇ-വേ ബിൽ നിർബന്ധമാക്കിയിട്ടുണ്ട്. ഇ-വേ ബിൽ സമ്പ്രദായത്തിൽ 50,000 രൂപയ്ക്ക് മുകളിൽ മൂല്യമുള്ള ചരക്കുകളുടെ കൈമാറ്റങ്ങൾക്ക് ഇ-വേ ബിൽ നിർബന്ധമാണ്. 10 കിലോമീറ്ററിന് മുകളിലുള്ള ചരക്കുനീക്കത്തിന് വാഹനനമ്പർ ഇല്ലാതെയുള്ള ഇ-വേ ബില്ലിന് സാധുതയില്ല. ഇ-വേ ബിൽ ഒഴിവാക്കിയിട്ടുള്ള ചരക്കുകളുടെ വിവരം കേന്ദ്രവിജ്ഞാപനം 27/2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാന സർക്കാർ വിജ്ഞാപനം നം. 03/2018 പ്രകാരം വാൻ സെയിലും സംസ്ഥാനത്തിനകത്ത് കർഷകരിൽ നിന്നും നേരിട്ടുള്ള റബ്ബർ സ്ക്രാപ്പ്, റബ്ബർ ഷീറ്റ്, റബ്ബർ പാൽ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയുടെ വാങ്ങലും 25 കിലോമീറ്ററിനുള്ളിൽ സ്വന്തം ആവശ്യങ്ങൾക്കായിട്ടുള്ള സാധനങ്ങളുടെ വാങ്ങലും ഇ-വേ ബില്ലിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ യന്ത്രവൽകൃതമല്ലാത്ത വാഹനങ്ങളിലൂടെയുള്ള ചരക്കുനീക്കത്തിന് ഇ-വേ ബിൽ ഒഴിവാക്കിയിട്ടുണ്ട്. ട്രാൻസ്പോർട്ടറെ സംബന്ധിച്ചിടത്തോളം ഒരു ബില്ലിൽ 50,000/- രൂപ എന്ന പരിധി ബാധകമല്ല. ഒരു വാഹനത്തിൽ മൊത്തം 50,000/- രൂപയ്ക്കു മുകളിലുള്ള ചരക്കുകൾ ഉണ്ടെങ്കിലും ഇ-വേ ബിൽ എടുക്കേണ്ടതുണ്ട്. ഇ-വേ ബിൽ പരിശോധിക്കുന്നതിന് സംസ്ഥാന ചരക്കുസേവനനികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നൂതന സാങ്കേതികവിദ്യകളും സർവെയലൻസ് ക്യാമറകളും ഉപയോഗിച്ച് ഇ-വേ ബിൽ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | ബിൽ ഇല്ലാതെ അന്തർ സംസ്ഥാന ചരക്കുഗതാഗതം നടത്തുന്ന വാഹനങ്ങളെ ട്രാക്ക് ചെയ്തുപിടിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ബി) | കള്ളക്കടത്തും നികുതി വെട്ടിച്ചുള്ള ചരക്കുനീക്കവും കൂടുതൽ ഫലപ്രദമായി നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്തിന്റെ പ്രധാന അതിർത്തികളിൽ സംസ്ഥാന സർക്കാർ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി പാലക്കാട് ജില്ലയിലെ പ്രധാന പോയിന്റുകളിൽ നിരീക്ഷണക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭഘട്ടത്തിലാണ്. ഇ-വേ ബില്ലുകളുമായി നിരീക്ഷണ ക്യാമറകൾ ബന്ധിപ്പിക്കുന്നതിന് പദ്ധതിയുണ്ട്. ഇ-വേ ബിൽ സമ്പ്രദായം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി നിരീക്ഷണക്യാമറകളിൽ നിന്ന് ലഭ്യമാകുന്ന ചരക്കുവാഹനങ്ങളുടെ വിവരങ്ങൾ ഇ-വേ ബില്ലുകൾ വഴി ജി.എസ്.ടി നെറ്റ് വർക്ക് പോർട്ടലിൽ അപ് ലോഡ് ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനും, ഇല്ലെങ്കിൽ തത്സമയം തന്നെ മൊബൈൽ സ്ക്വാഡുകളെ അറിയിക്കുന്നതിനും സാധിക്കും. കേന്ദ്രസർക്കാർ ആർ.എഫ്.ഐ.ഡി സമ്പ്രദായം നടപ്പാക്കുന്നതോടെ ഈ സംവിധാനം സ്വയംപ്രവർത്തനക്ഷമമായി മാറുകയും ചെയ്യും. നിലവിൽ ഇന്റലിജൻസ് വിഭാഗം ഓൺലൈൻ സംവിധാനങ്ങളുപയോഗിച്ച് ഇ-വേ ബിൽ പരിശോധിക്കുകയാണ് ചെയ്യുന്നത്. |
| (സി) | ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കിയതിനുശേഷം സംസ്ഥാനത്തെ ഏതെല്ലാം ചെക്ക്പോസ്റ്റുകളിൽ ഇത്തരം വാഹനങ്ങളെ ട്രാക്ക് ചെയ്തു പിടിച്ചുവെന്നും എത്ര തുകയുടെ നികുതി വെട്ടിപ്പ് കണ്ടെത്തുവാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ? | (സി) | ജി.എസ്.ടി സംവിധാനത്തിൽ ചെക്ക്പോസ്റ്റുകൾ നിർത്തലാക്കിയിട്ടുണ്ട്. നിലവിൽ വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗമാണ് ചരക്കുവാഹനങ്ങളും ഇ-വേ ബില്ലുകളും പരിശോധിക്കുന്നത്. ഇന്ത്യയിൽ 2018 ഏപ്രിൽ 1 മുതലാണ് അന്തർ സംസ്ഥാന ചരക്കുനീക്കങ്ങൾക്ക് ഇ-വേ ബിൽ നിർബന്ധമാക്കിയത്. ഇ-വേ ബിൽ നിർബന്ധമാക്കിയതിനുശേഷം വാഹനപരിശോധനയിലൂടെ വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം നികുതിയിനത്തിലും പിഴയിനത്തിലും കൂടി 4.84 കോടി രൂപ ഈടാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**